Uncorrected/Not for publication

30-06-2026

Personal explanation – Hon. Minister for Forest, Wildlife & Skill development

വ്യക്തിപരമായ വിശദീകരണം

മി. സ്പീക്കർ: ചട്ടം 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ ഒരു കത്ത് നൽകിയിട്ടുണ്ട്. അങ്ങേക്ക് വിശദീകരിക്കാവുന്നതാണ്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ ഞാൻ ഇടപെട്ടതിനെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദുഷ്ടലാക്കോടുകൂടി ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാൻ ഇടപെടാൻ കാരണം അത് മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയായിരുന്നില്ല, ഉമ്മൻചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ 'തണൽ പദ്ധതി' പ്രകാരമാണ് 1,350 കോടി രൂപ അനുവദിച്ചത്. ഏറ്റവും ദുർബല ജനവിഭാഗമെന്ന് വിശേഷിപ്പിക്കാവുന്ന മത്സ്യത്തൊഴിലാളികളുടെ ചരിത്രം പരിശോധിച്ചാൽ, അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ കവർന്നെടുത്ത ഒരു സർക്കാരുണ്ടെങ്കിൽ അത് പിണറായി വിജയൻ സർക്കാർ ആയിരുന്നുവെന്ന് കാണാം.

മി. സ്പീക്കർ: അങ്ങ് വ്യക്തിപരമായ വിശദീകരണമാണ് അവതരിപ്പിക്കേണ്ടത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, അത് സ്ഥാപിക്കാനാണ് ഞാൻ എഴുന്നേറ്റുനിന്നത്. ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാത്തതും തൊഴിൽ വകുപ്പിന്റെ പദ്ധതിയായിരുന്നതുകൊണ്ടുമാണ് ഇക്കാര്യം വിശദീകരിച്ചത്. എന്റെ ഇടപെടലിനെ സംബന്ധിച്ചിടത്തോളം നിയമപരമായി തെറ്റുണ്ടെങ്കിൽ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള വിഷയമൊന്നുമല്ലല്ലോ ഇവിടെ ചർച്ച ചെയ്തത്; ബജറ്റ് ചർച്ചപോലെ ചർച്ച പോയപ്പോൾ ബഹുമാനപ്പെട്ട ചെയറും ഇതിൽ ഇടപെടേണ്ടതായിരുന്നില്ലേ?